# ഇന്ത്യൻ ഭീകരവാദവും കാണാമറയത്തെ മുസ്ലിം തീവ്രവാദവും | Utharakalam





**ഇർഫാൻ അഹമ്മദ്**

**മുസ്ലിങ്ങൾ ഓരോ ഭീകരാക്രമണത്തിന് ശേഷവും യാതൊരു തെളിവുമില്ലാതെയും അല്ലെങ്കിൽ വെറും സംശയത്തിന്റെ പേരിലും ആരോപണവിധേയരാവുകയും അറസ്റ്റിലാക്കപ്പെടുകയും പീഢിപ്പിക്കപ്പെടുകയും തുടർന്ന് പോലീസിനാൽ കൊല്ലപ്പെടുകയും ചെയ്യുന്നു.**

ഇന്ത്യൻ സർക്കാറും മാധ്യമങ്ങളും പറയുന്നതനുസരിച്ച് ഒരുപാട് മുസ്ലിം സംഘടനകൾ ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. മൂന്ന് സംഘടനകൾ പ്രത്യേകമായി തന്നെ അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു.

1. 1976-ൽ രൂപീകരിക്കപ്പെട്ട് 9/11 ന് തൊട്ടുടനെ 'സാമുദായിക അസ്വസ്ഥതയും' 'രാജ്യദ്രോഹവും' പ്രചരിപ്പിക്കുന്നു എന്ന പേരിൽ നിരോധിക്കപ്പെട്ട സ്റ്റുഡൻസ് ഇസ്ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ(സിമി),
2. 2008 ലെ ബോംബെ ഭീകരാക്രമണകേസിന്റെ ഉത്തരവാദിത്വമേറ്റെടുത്ത് ശ്രദ്ധ നേടിയ ഡെക്കാൻ മുജാഹിദീൻ (ഡി.എം)
3. 2001 ൽ രൂപീകരിക്കപ്പെട്ട എന്ന് പറയപ്പെടുന്ന ഇന്ത്യൻ മുജാഹിദീൻ (ഐ.എം).

മേൽ പറഞ്ഞ സംഘടനകൾ നൂറ് കണക്കിനാളുകളെ കശാപ്പ് ചെയ്തുവെന്നാണ് ആരോപിക്കപ്പെടുന്നത്: ഏറ്റവുമവസാനത്തെ അക്രമണ പരമ്പര നടന്നത് ജൂലൈ 13 ന് ബോംബെയിലാണ്. ഇരുപത് ആളുകളാണ് ബോംബാക്രമണ പരമ്പരയിൽ കൊല്ലപ്പെട്ടത്. അക്രമണങ്ങൾ നടന്നതിന് ശേഷം പോലീസ് പറഞ്ഞത് സിമിയും ഇന്ത്യൻ മുജാഹിദീനുമാണ് സ്ഫോടനങ്ങൾക്ക് പിന്നിലെന്നാണ്. തുടർന്ന് രാജ്യവ്യാപകമായ ഭീകരവേട്ടകൾ ആരംഭിച്ചു. മഹാരാഷ്ട്രയിൽ ഭീകര വിരുദ്ധ സ്ക്വോഡിന്റെ (എ.ടി.എസ്) തലവൻ രാകേഷ് മരിയ പറയുന്നതനുസരിച്ച് ഏഴു സംസ്ഥാനങ്ങളിൽ വിദഗ്ദ സംഘങ്ങൾ ഭീകരരെ തേടി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2008 ബോംബെ ആക്രമണത്തിന് ശേഷമാണ് ദേശീയ ഇന്റലിജൻസ് ഏജൻസി(എൻ.ഐ.എ) രൂപീകരിക്കപ്പെട്ടത്. ഇവർ ഇന്ത്യൻ മുഹാജിദീൻ പ്രവർത്തകരെന്ന് സംശയിക്കുന്ന രണ്ട് പേരുടെ റാഞ്ചിയിലുള്ള വസതി റെയ്ഡ് ചെയ്യുകയുണ്ടായി. ഇന്ത്യയിലെ രാഷ്ട്രീയ വ്യവഹാരങ്ങളിൽ സിമിയും ഡെക്കാൻ മുജാഹിദീനും ഇന്ത്യൻ മുജാഹിദീനും രാജ്യത്തിന്റെ സുസ്ഥിരതക്കും ആഗോളശക്തിയിലേക്കുള്ള വളർച്ചക്കും മുഖ്യ ഭീഷണിയാണ്.




ചിലയാളുകൾ ഇത്തരം ഗ്രൂപ്പുകൾ ആഭ്യന്തര സ്വഭാവമുള്ളതാണെന്ന് പറയുമ്പോൾ മറ്റു ചിലർ പാക്കിസ്ഥാനി വേരുകൾ ആരോപിക്കുന്നു. ഇന്ത്യൻ മുജാഹിദീൻ 1990 കളിൽ അഫ്ഗാനിൽ രൂപം കൊണ്ട ലഷ്കറെ ത്വയ്ബയിലൂടെ രൂപപ്പെട്ടതാണെന്നും പാക്കധീന കാശ്മീരിൽ സജീവമാണെന്നും പറയുന്നു. ഇത്തരം ഗ്രൂപ്പുകളെക്കുറിച്ചുള്ള വാർത്തകളും വിശകലനങ്ങളും വിവരണങ്ങളും പലപ്പോഴും അപൂർണവും അമൂർത്തവും പരസ്പര വിരുദ്ധവുമാണ്. ബോംബെ അക്രമണവും അതിനെ തുടർന്നുണ്ടായ സിമിയെക്കുറിച്ചും ഇന്ത്യൻ മുജാഹിദീനെക്കുറിച്ചുമുള്ള വിശകലനവും വായിക്കുമ്പോൾ ഞാൻ മൂന്ന് വാദങ്ങൾ ഉന്നയിക്കാനാഗ്രഹിക്കുന്നു.



ഒന്ന്, മാധ്യമങ്ങളും സെക്യൂരിറ്റി ഏജൻസികളും തമ്മിൽ അടുത്ത ബന്ധവും അതിലൂടെ രൂപപ്പെടുന്ന വിമർശനാതീതമായ ബന്ധങ്ങളും സഹകരണവും മാധ്യമങ്ങൾ നൽകുന്ന റിപ്പോർട്ടുകളെ സംശയിക്കാൻ കാരണമാകുന്നു. ഇതിലൂടെ മുസ്ലിം വിഭാഗങ്ങളെക്കുറിച്ചുള്ള വാർത്തകൾ യാതൊരു വിമർശനവും കൂടാതെ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. മിക്ക മാധ്യമപ്രവർത്തകർക്കും എന്താണ് ഇന്ത്യൻ മുജാഹിദീനെന്നോ എന്തിനാണത് നിലനിൽക്കുന്നതെന്നോ എന്നതിനെക്കുറിച്ച് വലിയ വിവരമൊന്നുമില്ല. എന്നാൽ ബോംബെ ആക്രമണത്തിന് ശേഷം നിരവധി മുസ്ലിങ്ങളാണ് ഭീകരവാദികൾ എന്ന പേരിൽ അറസ്റ്റ് ചെയ്യപ്പെട്ടത്.

രണ്ട്, മുസ്ലിങ്ങൾ ഓരോ ഭീകരാക്രമണത്തിന് ശേഷവും യാതൊരു തെളിവുമില്ലാതെയും അല്ലെങ്കിൽ വെറും സംശയത്തിന്റെ പേരിലും ആരോപണവിധേയരാവുകയും അറസ്റ്റിലാക്കപ്പെടുകയും പീഢിപ്പിക്കപ്പെടുകയും തുടർന്ന് പോലീസിനാൽ കൊല്ലപ്പെടുകയും ചെയ്യുന്നു. ഇത് ഇന്ത്യയിലെ ഭരണകൂടം പോരാടാനാഗ്രഹിക്കുന്ന അപകടത്തെ അവസാനിപ്പിക്കാൻ സഹായിക്കില്ല.

മൂന്ന്, ഞാൻ ഉറച്ച പറയാനാഗ്രഹിക്കുന്ന കാര്യം ഇന്ത്യൻ മാധ്യമങ്ങളുടെ ഭീകരതയെക്കുറിച്ചുള്ള 'റിപ്പോർട്ടിങ്ങുകൾ ' മുൻവിധികൾ നിറഞ്ഞതാണെന്നാണ്.

**ആരാണ് ഇന്ത്യൻ മുജാഹിദീൻ ?**

സ്ഫോടനത്തിന് ശേഷം പോലീസ് നിരവധിയാളുകളെ മുംബെയിലെ 'സെൻസിറ്റീവ്' എന്ന് പരിചയപ്പെടുത്തുന്ന സ്ഥലങ്ങളിൽ നിന്ന് അറസ്റ്റ് ചെയ്യുന്നു. ഈ 'സെൻസിറ്റീവ്' എന്നത് മുസ്ലിം എന്ന് പരിഭാഷപ്പെടുത്താവുന്നതാണ്. ഇത്തരം സ്ഥലങ്ങളിലെ ആളുകളാവട്ടെ സ്ഫോടനത്തെ




തുടർന്നുണ്ടാവുന്ന അറസ്റ്റുകളെ കഴിഞ്ഞ പത്തുവർഷമായി ഒരു വഴിപാടെന്ന പോലെ അനുഭവിച്ച കൊണ്ടിരിക്കുന്നവരാണ്. ഇത്തരമൊരു കുറ്റാരോപിതനായ ഫൈസ് ഉസ്മാനി പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടു. 'ഹൈപ്പർ ടെൻഷ'നാണ് മരണകാരണമെന്നാണ് പോലീസ് ഭാഷ്യം. അയാളെ പോലീസ് പീഡിപ്പിച്ച കൊന്നതാണെന്ന് ബന്ധുക്കൾ വിശ്വസിക്കുന്നു. ഈ ചെറുപ്പക്കാരൻ 2008 അഹമ്മദാബാദ് സ്ഫോടനത്തിൽ പങ്കുണ്ടെന്ന് ആരോപിക്കപ്പെട്ട് ജയിലിലായ അഫ്സൽ ഉസ്മാനിയുടെ സഹോദരനാണ്. റിയാസ് ബട്കലെന്ന 'മോസ്റ്റ് വാണ്ടഡ് ടെററിസ്റ്റ്' ആണ് ഇന്ത്യൻ മുജാഹിദീന്റെ സ്ഥാപകൻ. സിമി തീവ്രനിലപാടുകളിലേക്ക് നീങ്ങിയ തൊണ്ണൂറുകളിലാണ് റിയാസ് സിമിയിൽ ചേർന്നു എന്ന് കരുതുന്നത്. 1976 ൽ ബട്കലിൽ ജനിച്ച് ഇംഗ്ളീഷ് മീഡിയം വിദ്യാഭ്യാസവും ബോംബെയിൽ നിന്ന് എഞ്ചിനീയറിംഗ് ബിരുദവും നേടിയ ആളാണ് റിയാസ് ബട്കൽ. റിയാസിന്റെ



കഥക്കപ്പുറം ഇന്ത്യൻ മുജാഹിദീന്റെ ചരിത്രം ആർക്കുമറിയില്ല. ഈ റിയാസ് ബട്കൽ ജീവിച്ചിരിപ്പുണ്ടോ മരണപ്പെട്ടോ എന്നു പോലും വ്യക്തമല്ല. ജൂലൈ 13 ലെ സ്ഫോടനത്തിന് ശേഷം പോലീസ് ബട്കലിനെ പിടികൂടാൻ ശ്രമിക്കുന്നു എന്നാണ് പറഞ്ഞത്. [http://www.dnaindia.com/mumbai/report_india-seeks-information-from-pakistan-on-riyaz-bhatkal-death-in-shootout_1493856](http://www.dnaindia.com/mumbai/report_india-seeks-information-from-pakistan-on-riyaz-bhatkal-death-in-shootout_1493856) ഇത് വളരെ കൗതുകരമായി തോന്നുന്നു. കാരണം, ഒരു വർഷം മുൻപ് റിയാസ് ബട്കൽ കറാച്ചിയിൽ വെച്ച് ബോംബെ അധോലോക രാജാവായ ഛോട്ടാ രാജൻ ഗ്രൂപ്പ് മുഖേനെ നടന്ന ഓപ്പറേഷൻ വഴി കൊല്ലപ്പെട്ടുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.
മാധ്യമങ്ങൾ ഇന്ത്യൻ മുജാഹിദീന്റെ രൂപീകരണത്തെക്കുറിച്ച് പരസ്പര വിരുദ്ധമായ കാര്യങ്ങളാണ് പറയുന്നത്. ചിലപ്പോൾ ഒരു ലേഖനത്തിൽ തന്നെ പരസ്പര വിരുദ്ധത കാണാൻ കഴിയും. ഉദാഹരണത്തിന് 'സൊസൈറ്റി ഫോർ ദ സ്റ്റഡി ഓഫ് പീസ് ആന്റ് കോൺഫ്ളിക്റ്റ്' എന്ന ഡൽഹി കേന്ദ്രീകരിച്ച സ്ഥാപനത്തിന്റെ ഡയറക്ടറായ അനിമേഷ് റൌൾ പറയുന്നതിങ്ങനെ: ഇന്ത്യൻ മുജാഹിദീൻ "2008 മെയിൽ പാക്കധീന കാശ്മീരിൽ വെച്ച് ഹർക്കത്തുൽ ജിഹാദി ഇസ്ലാമി(ഹുജി)യും ലഷ്കറെ ത്വയ്ബയും ചേർന്ന് രൂപപ്പെടുത്തിയ ഭീകര സംഘമാണിത്". അനിമേഷ് റൌൾ തുടർന്ന് ഇങ്ങനെയെഴുതുന്നു, "ഇന്ത്യൻ മുജാഹിദീൻ ആദ്യമായി നിലവിൽ വന്നത് 2007 നവംബറിലാണ്". ഇത്തരം പരസ്പര വിരുദ്ധമായ ഒരു കാര്യം രണ്ട് ലേഖനത്തിലല്ല മറിച്ച് ഒരൊറ്റ ലേഖനത്തിൽ തന്നെയാണ് കാണപ്പെട്ടത്. 'ഏഷ്യൻ പോളിസി' യിലെ ക്രിസ്റ്റീൻ ഫയർ രണ്ട് തിയറികളാണ് ഇന്ത്യൻ മുജാഹിദീന്റെ രൂപീകരണത്തെക്കുറിച്ച് നൽകുന്നത്. ഒന്ന് 2001 ലും മറ്റൊന്ന് (വെറുതെയൊരു ഒഴുക്കൻ മട്ടിൽ) 2001 ന് ശേഷവും. ടൈംസ് ഓഫ് ഇന്ത്യയാകട്ടെ, ഇന്ത്യൻ മുജാഹിദീൻ രൂപീകരിക്കപ്പെട്ടത് 2005




ലാണെന്ന് പറയുന്നു. ഇൻസ്റ്റിട്യൂട്ട് ഓഫ് ഡിഫൻസ് സ്റ്റഡീസ് ആന്റ് അനാലിസിസിലെ നമ്രതാ ഗോസ്വാമി പറയുന്നത് സിമിക്കാർ ചേർന്ന് 2007 ഡിസംബർ മുതലാണ് ഇന്ത്യൻ മുജാഹിദീൻ രൂപീകരിച്ചതെന്നാണ്.
2007 ലാണ് ഇന്ത്യൻ മുജാഹിദീന്റെ ഇ-മെയിൽ ആദ്യമായി മാധ്യമങ്ങൾക്ക് ലഭിക്കുന്നത്. ഇന്ത്യൻ മുസ്ലിംകളുടെ പരിതാപകരമായ സാഹചര്യങ്ങളെക്കുറിച്ചും വിഗ്രഹാരാധകർ കൊല്ലുന്ന സഹോദരീ സഹോദരങ്ങളെക്കുറിച്ചും പറയുന്നതായിരുന്നു അതിലെ ഉള്ളടക്കം. പിന്നീട് 2008 ൽ അഹമ്മദാബാദ് സ്ഫോടനത്തിന് തൊട്ടുമുൻപ് അയച്ച മെയിലിൽ ഹിന്ദു ദേശീയവാദികളും ഭരണകൂടവും പിന്തുടരുന്ന മുസ്ലിം വിരുദ്ധ നയങ്ങളെയായിരുന്നു പരാമർശിച്ചത്. ബാബരി മസ്ജിദിന്റെ തകർച്ച ഇന്ത്യൻ മുജാഹിദീന്റെ പ്രത്യയശാസ്ത്ര ഊർജ്ജമായിരുന്നു. അതുകൊണ്ടുതന്നെയാണ് മാധ്യമങ്ങൾ 'ആഭ്യന്തര' സ്വഭാവമുള്ള ഭീകരസംഘടനയായി ഇന്ത്യൻ മുജാഹിദീനെ വിശേഷിപ്പിച്ചത്. കശ്മീർ പോലുള്ള 'അന്താരാഷ്ട്ര' പ്രശ്നങ്ങളെക്കുറിച്ച് നിശബ്ദത പാലിക്കുന്നതിനാൽ മാധ്യമങ്ങളെ സംബന്ധിച്ചെടുത്തോളം ഇന്ത്യൻ മുജാഹിദീൻ ഇന്ത്യക്കകത്തു തന്നെയുള്ള ഒരു ആഭ്യന്തര ഭീകര സംഘടനയായി മാറി. എന്നാൽ മിക്ക ആഭ്യന്തര സുരക്ഷ വിദഗ്ദരും പറയുന്നത് ഇന്ത്യൻ മുജാഹിദീൻ പാകിസ്ഥാൻ ചാര സംഘടനയായ ഐ.എസ്.ഐയുടെ ഉപകരണമാണെന്നാണ്. ഇതിലൂടെ ഐ.എസ്.ഐ ഇന്ത്യയെ അസ്ഥിരപ്പെടുത്തുകയും ഇന്ത്യയുടെ പ്രശ്നങ്ങൾക്ക് ആഭ്യന്തര ഭീകരവാദ സംഘടനയായ ഇന്ത്യൻ മുജാഹിദീൻ ആണ് ഉത്തരവാദികളെന്ന് അന്താരാഷ്ട്ര സമൂഹത്തെ ബോധ്യപ്പെടുത്തുകയും ചെയ്യുകയാണ്. എന്നാൽ ബി. രമണെപ്പോലുള്ള വിദഗ്ദർ പറയുന്നത് സൌത്തേഷ്യയും പിന്നിടുന്ന ആഗോളനെറ്റ്വർക്കിന്റെ ഭാഗമാണെന്നാണ് ഇന്ത്യൻ മുജാഹിദീനും

സിമിയുമെന്നാണ്. ഇതിനൊന്നും വലിയ തെളിവുകളൊന്നും ബി.രമൺ ഹാജരാക്കുന്നില്ല.

**ഇന്ത്യയിലെ ഗ്വാണ്ടനാമോകൾ**

മാധ്യമങ്ങൾ തങ്ങളുടെ വാർത്തകളുടെ ഉറവിടമായി ഭരണകൂടത്തെയാണ് കാണുന്നത്. ഇതിനേറ്റവും വലിയ ഉദാഹരണമാണ് പ്രവീൺ സ്വാമി. ഇന്ത്യൻ മുജാഹിദീനെക്കുറിച്ച് പറയുന്നവർ മുഴവൻ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ഈ ഭീകരവാദ വിദഗ്ദനെയാണ്. സ്വാമി പ്രിന്റ് മീഡിയയിൽ ചെയ്യുന്നത് അർണബ് ഗോസ്വാമി(ടൈംസ് നൌ) ദൃശ്യമാധ്യമങ്ങളിൽ ചെയ്യുന്നു. ഇവരുടെ വീക്ഷണങ്ങൾ ആത്യന്തിക ദേശീയവാദപരവും ഇസ്ലാമോ ഫോബികുമാണെന്നാണ് വിമർശകർ പറയുന്നത്. പോലീസ് ഭാഷ്യം മുറതെറ്റാതെ സ്വാമി പുനരുൽപാദിപ്പിക്കുന്നു. (ഉദാഹരണത്തിന്, സി.ടി.സി സെന്റിനൽ-മെയ് 2010, ദ ഹിന്ദു/ എഡിറ്റ് പേജ്- മാർച്ച് 22/2010, ഫ്രൻണ്ട് ലൈൻ- ജൂൺ 2-15/ 2007 ലക്കങ്ങൾ കാണുക). സ്വാമിയുടെ എല്ലാ ലേഖനങ്ങളിലും സംഭവങ്ങളുടെ ഒരു വശം മാത്രം നൽകുന്നു. ഭീകരനെന്ന് ആരോപിക്കപ്പെടുന്ന ആളുടെ കുടുംബത്തിനോ സമുദായത്തിനോ പറയാനുള്ള കാര്യങ്ങളൊന്നും അയാൾ നൽകാറില്ല, ഇന്ത്യൻ പോലീസ് മിക്കപ്പോഴും മുസ്ലിംകളുടെ കാര്യത്തിൽ പക്ഷപാതപരമായ നിലപാടാണ് കൈകൊണ്ടിട്ടുള്ളതെന്നിരിക്കെ വിശേഷിച്ചും. 2002 ലെ ഗുജറാത്ത് വംശഹത്യ ഇതിന്റെ പരകോടിയായിരുന്നു.



ഇന്ത്യൻ മാധ്യമങ്ങൾ 'യാഥാർഥ്യ'ത്തെക്കുറിച്ചും ഭിന്നവീക്ഷണങ്ങളെക്കുറിച്ചും യാതൊരു പരിഗണനയുമില്ലാതെയും താൽപര്യമില്ലാതെയും മുന്നോട്ടുപോകുമ്പോൾ അങ്ങേയറ്റം മാധ്യമവൽകരിക്കപ്പെട്ട ഭീകരതയുടെ ലോകത്തെക്കുറിച്ച് എന്നെപ്പോലുള്ള ഒരു നരവംശശാസ്ത്രജ്ഞന് എങ്ങിനെയാണ് സംവദിക്കാൻ കഴിയുക. തോമസ് എർകിൻസണിനെപ്പോലുള്ളവർ പറയുന്നത് ആഗോളീകരണമെന്നത് ഒരു നരവംശ ശാസ്ത്രജ്ഞന് ഒന്നും നൽകില്ല. അല്ലെങ്കിൽ അയാൾ യഥാർഥ്യ വ്യക്തികളിലൂടെയും ആ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളിലൂടെയും അതുവഴി ചുറ്റുമുള്ള വിശാല ലോകത്തെയും കുറിച്ച് പഠിക്കാൻ തയ്യാറാകണം. മാധ്യമങ്ങളുടെ വർദ്ധിച്ചുവരുന്ന ദൃശ്യതാ എന്നുള്ളത് ഒരർഥത്തിൽ വർദ്ധിച്ചുവരുന്ന അദൃശ്യതയാണെന്ന "പീറ്റർ വാൻഡർ വീറി"ന്റെ നിരീക്ഷണത്തോട് ഞാൻ യോജിക്കുകയാണ്. ഇന്ത്യൻ മാധ്യമങ്ങളിൽ അപൂർവ്വമായി മാത്രം ദൃശ്യപ്പെടാറുള്ളത് (അദൃശ്യമായത്) ഭീകരരെന്ന് ആരോപിക്കപ്പെട്ട് അറസ്റ്റിലാകുന്നവർക്ക് മേൽ പ്രയോഗിക്കുന്ന നിയമവിരുദ്ധവും ക്രൂരവുമായ പീഢനമുറകളാണ്. പീഢന സെല്ലുകളും അന്യായമായ അറസ്റ്റുകളും നിയമവിരുദ്ധ തടവുകളും പോലീസ് ഏറ്റുമുട്ടലുകളും ഭരണകൂട ഏജൻസികളുടെ ഒത്താശയോടെ നടക്കുന്ന തെളിവു നശിപ്പിക്കലും ശാരീരിക-മാനസിക ഉപദ്രവങ്ങളും മിക്ക മാധ്യമങ്ങളിലും ദൃശ്യമാകാറില്ല. 2009 ൽ ജൂലൈ മാസം 'ദ വീക്ക്' പുറത്തു വിട്ട കണക്കു പ്രകാരം 15 പീഢന സെല്ലുകൾ രാജ്യത്താകമാനം പ്രവർത്തിക്കുന്നുണ്ട്. തടവിലാക്കപ്പെടുന്നവരുടെ ലൈംഗികാവയവങ്ങളിൽ ഷോക്കടിപ്പിച്ചും പെത്തഡിൻ കുത്തിവെച്ചും ഒക്കെയാണ് വിവരങ്ങൾ ചോർത്തിയെടുക്കുന്നത്. 'ദ വീക്ക്' പറയുന്നതനുസിച്ച് ഇത് നമ്മുടെ സ്വന്തം ഗോണ്ടനാമോകളാണ്. ഉന്നത പോലീസ് അധികാരികളെ സംബന്ധിച്ചെടുത്തോളം ഈ ഗോണ്ടനാമോകൾ രാജ്യത്തിന്റെ 'വിലമതിക്കാനാവാത്ത സ്വത്താണ്'.



മെയ് 2008 ൽ പതിനാല് വയസ്സുള്ള ഒരു മുസ്ലിം ആൺകുട്ടിയെ ഗുജറാത്ത് പോലീസ് കസ്റ്റഡിയിലെടുത്തു. പോലീസ് സ്റേഷനിലേക്ക് തോക്കിൻ മുനയിൽ നിർത്തി കാറുപയോഗിച്ച് വലിച്ചു കൊണ്ടുപോയി. പിന്നീട് ഇത്തരമൊരു പീഢന സെല്ലിൽ വെച്ച് ക്രൂരമായി മർദ്ദിക്കപ്പെട്ടു. പത്ത് ദിവസത്തിന് ശേഷം മാതാവിന്റെ പരാതി പ്രകാരം കോടതി കുട്ടിയെ മോചിപ്പിക്കാൻ ഉത്തരവിട്ടു. പോലീസ് കുട്ടിയുടെ മാതാപിതാക്കളെ കേസ് ഇനി തുടരുതെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയുമുണ്ടായി. ഈ പോലീസ് പീഢനങ്ങൾ കൂടുമ്പോൾ വക്കീലന്മാർ ഇത്തരം കേസുകൾ കോടതിയിലേക്ക് ഇടുക്കാൻ മടിക്കുന്നു. കാരണം അതൊരു 'ഭീകരവാദി'യുടെ കേസാണല്ലോ. സച്ചാർ കമ്മിറ്റി 2006 ൽ നിരീക്ഷിച്ചതു പോലെ മുസ്ലിം സമുദായം ഇന്ത്യയിലെ തന്നെ ഏറ്റവും അവശ സമുദായങ്ങളിലൊന്നാണ്. അതുകൊണ്ടു തന്നെ ഉയർന്ന വക്കീലന്മാരെ കാണാനും കേസ് തുടരാനും അവർക്ക് ശേഷിയില്ലാതാകുന്നു. കോടതിയിലെത്താത്ത കേസുകൾ മാധ്യമങ്ങളിലും അദൃശ്യമാകുന്നു.

സിമിക്കാരാണ് ഇന്ത്യൻ മുജാഹിദീൻ രൂപീകരിച്ചതെന്ന് പറയുന്നു. എന്നാൽ 2001-2004 കാലഘട്ടത്തിൽ ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയെക്കുറിച്ചും സിമിയെക്കുറിച്ചും ഞാൻ നടത്തിയ ഫീൽഡ് വർക്കിനിടെ ഇന്ത്യൻ മുജാഹിദീനെക്കുറിച്ച് ഒന്നും കേട്ടിരുന്നില്ല. ശ്രദ്ധിക്കേണ്ടൊരു കാര്യം 2001 ന് ശേഷം ഏറ്റവും കൂടുതൽ ആളുകൾ അറസ്റ്റു ചെയ്യപ്പെട്ടത് 'സിമി ഭീകരർ' എന്ന പേരിലാണ്. എന്നാൽ 1996 ൽ സിമി അംഗങ്ങളായിരുന്നവർ 413 പേർ മാത്രമാണ്. സിമി



രൂപീകരിക്കപ്പെട്ട 1976 ൽ 132 പേരായിരുന്നു അംഗസംഖ്യ. ഇന്നേ വരെ ഇന്ത്യൻ സർക്കാർ സിമിയെ നിരോധിക്കാനുള്ള കാരണം യുക്തിപരമായി വിശദീകരിച്ചിട്ടില്ലെന്നും കൂട്ടത്തിൽ ഓർക്കണം.

**പറയപ്പെടാത്ത കഥ**

ഭീകരതക്കെതിരെയുള്ള പോരാട്ടത്തിന്റെ പേരിൽ തെളിവുകളും നിയമവാഴ്ചയും മുൻവിധികൾക്ക് വഴിമാറുന്നതാണ് നാം കാണുന്നത്. ഇതെഴുതുമ്പോഴും ഇന്ത്യൻ സർക്കാർ ജൂലൈ 13 ലെ അക്രമണം നടത്തിയവരെ പിടികൂടിയിട്ടില്ല. എന്നാൽ രണ്ട് ദിവസത്തിന് ശേഷം സുബ്രഹ്മണ്യ സ്വാമി ഇസ്ലാമിക തീവ്രവാദത്തെ തുടച്ച് നീക്കാനുള്ള വഴികളെക്കുറിച്ച് ലേഖനമെഴുതിയിരുന്നു. മുസ്ലിംകളെ ഒരു തെളിവുമില്ലാതെ സ്വാമി കുറ്റപ്പെടുത്തുകയായിരുന്നു. ജൂലൈ 22 ന് നടന്ന നോർവെ കൂട്ടക്കൊലയെക്കുറിച്ച് ഇതുപോലുള്ള റിപ്പോർട്ടുകളാണ് ന്യൂയോർക്ക് ടൈംസിലും വാഷിങ് പോസ്റ്റിലും വന്നിരുന്നത്. സ്വാമി ചെയ്യുന്നത് ഇന്ത്യൻ മാധ്യമങ്ങൾ ചെയ്യുന്നതു തന്നെയാണ്. 2006 സെപ്റ്റംബറിൽ മലേഗാവിൽ 35 മുസ്ലിംകൾ ബോംബു സ്ഫോടനത്തിൽ കൊല്ലപ്പെട്ടു. മാധ്യമങ്ങൾ മുസ്ലിംകളെയാണ് കുറ്റപ്പെടുത്തിയത്. 2007 ൽ ഹൈദരാബാദ് മക്ക മസ്ജിദിൽ നടന്ന സ്ഫോടനത്തിൽ 10 മുസ്ലിംകളാണ് കൊല്ലപ്പെട്ടത്. പ്രവീൺ സ്വാമി എത്ര ലളിതമായാണ് മുസ്ലിം ഭീകരരെ പ്രസ്തുത സ്ഫോടനങ്ങളുടെ സൂത്രധാരന്മാരായി അവരോധിച്ചത്. മാത്രമല്ല, ഇന്ത്യൻ നഗരങ്ങൾക്ക് മേലുള്ള ഇസ്ലാമിസ്റ്റ് ഭീഷണിയെക്കുറിച്ച് സ്വാമി മുന്നറിയിപ്പ് നൽകുകയും ചെയ്തു. ഹിന്ദു ദേശീയവാദികളാണ് മലേഗാവ്, മക്കാ സ്ഫോടനങ്ങൾക്ക് പിന്നിലെന്ന് തുടർന്നുള്ള അന്വേഷണങ്ങൾ തെളിയിച്ചു. നമുക്ക് സുബ്രഹ്മസ്വാമിയിലേക്ക് മടങ്ങി വരാം, സ്വാമി എഴുതുന്നു: "ഇസ്ലാമി ഭീകരവാദികൾക്കെതിരെ ഹിന്ദുക്കൾ എന്ന നിലയിൽ നാം യോജിച്ച മാനസികാവസ്ഥ കൈവരിക്കേണ്ടതുണ്ട്. ഇന്ത്യയിലെ മുസ്ലിംകളും നമ്മോടൊപ്പം ചേരാം. അവർക്ക് ഇവിടുത്തെ ഹിന്ദുക്കളോട് യഥാർഥ്യത്തിൽ എന്തെങ്കിലും തോന്നുന്നുണ്ടെങ്കിൽ. അവർ അത് ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം അങ്ങിനെ ചെയ്യണമെങ്കിൽ മുസ്ലിംകളാണെങ്കിലും ഞങ്ങളുടെ പൂർവപിതാക്കൾ ഹിന്ദുക്കളാണെന്ന് അവർ മനസ്സിലാക്കേണ്ടിയിരിക്കുന്നു". തുടർന്ന് സ്വാമി എഴുതുന്നത് ഇങ്ങനെ മനസ്സിലാക്കാത്ത മുസ്ലിംകൾക്ക് "വോട്ടു ചെയ്യാനുള്ള അവകാശമില്ല" എന്നായിരുന്നു. ഇന്ത്യയെ "ഹിന്ദു രാഷ്ട്രമായി" പ്രഖ്യാപിക്കണമെന്ന നിർദ്ദേശവും സ്വാമിക്കുണ്ട്.




മുസ്ലിം ഭീകരവാദത്തെക്കുറിച്ചുള്ള കഥകൾ ഇന്ത്യൻ മാധ്യമങ്ങളും പാശ്ചാത്യ മാധ്യമങ്ങളും ധാരാളം നൽകുന്നുണ്ട്. 2011 ജൂലൈ 13 ന്റെ മുബൈ ആക്രമണത്തെത്തുടർന്ന് സുബ്രഹ്മണ്യസ്വാമി അടക്കമുള്ളവരുടെ ലേഖനങ്ങൾ മാധ്യമങ്ങളിൽ തുടരെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത്തരം ലേഖനങ്ങൾ ഒരു പരിധിവരെ നമ്മുടെ ലിബറൽ ബുദ്ധി ജീവികളെയും സ്വാധീനിക്കുന്നുണ്ട്. മുസ്ലിംകളനുഭവിക്കുന്ന ഭീകരതയെക്കുറിച്ചുള്ള കഥകൾ മാധ്യമങ്ങളിൽ വരുന്നത് വളരെ വിരളമാണ്. എങ്ങിനെയാണ് മുസ്ലിംകളുടെ ഇത്തരം കഥകൾ നമുക്ക് പറയാനാകുക?

**ഇർഫാൻ അഹ്മദ്:** രാഷ്ട്രീയ നരവംശശാസ്ത്രജ്ഞനും ആസ്ത്രേലിയയിലെ മൊണ്ടാഷ് യൂണിവേഴ്സിറ്റിയിലെ ലക്ചററുമാണ്. ഇസ്ലാമിസം ആന്റ് ഡമോക്രസി ഇൻ ഇന്ത്യ: ദ ട്രാൻസ്ഫോർമേഷൻ ഓഫ് ജമാഅത്തെ ഇസ്ലാമി (പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി പ്രസ്, 2009) എന്ന പുസ്തകത്തിന്റെ രചയിതാവാണ്.
കടപ്പാട്: അൽജസീറ/ 2011 സെപ്റ്റംബർ 16
**പരിഭാഷ: കെ. അഷ്റഫ്**

Print Friendly